പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1090

14.06.2012- ലെ മറുപടിക്ക്

## കയർമേഖലയുടെ സമഗ്ര വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡോ. എൻ. ജയരാജ്<br>ശ്രീ. പി.സി. ജോർജ്<br>,, റോഷി അഗസ്റ്റിൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്ത് കയർ മേഖലയുടെ സമഗ്ര വികസനത്തിന് ഉതകുന്ന തരത്തിൽ എന്തെല്ലാം കർമ്മ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്ന് അറിയിക്കാമോ; | (എ) കയർ മേഖലയുടെ സമഗ്ര വികസനത്തിന് നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടു ണ്ട്. പ്രധാന കർമ്മ പരിപാടികൾ ചുവടെ കൊടുക്കുന്നു.<br><br>കയർ മേഖലയുടെ സമഗ്ര വികസനത്തിനായി കേന്ദ്ര വിഹിതം ഉൾപ്പെടെ 104.70 കോടി രൂപ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടു ണ്ട്.<br><br>കയർപിരി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം 210 രൂപയും ഉത്പ്പന്ന മേഖലയിൽ 285 രൂപയും ഉറപ്പുവരുത്തി ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരികയാണ്.<br><br>വിനോദ സഞ്ചാര മേഖലയുമായി സമന്വയിപ്പിച്ച് ഒരു മാതൃക കയർ ഗ്രാമം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>പ്രതിദിനം 8 മണിക്കൂർ കൊ ണ്ട് ഏകദേശം 60 കി.ഗ്രാം കയർ ഉല്പ ാദിപ്പിക്കാൻ കഴിയുന്നതും വിവിധയിനത്തിലുള്ള കയർ പിരിക്കാൻ കഴിയുന്നതുമായ ആധുനിക ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ എൻ സി ആർ എം ഐ തലത്തിൽ വികസിപ്പിച്ചു വരുന്നു.<br><br>നിലവിലുള്ള തൊ ണ്ട് സംഭരണ കൺസോർഷ്യങ്ങൾക്ക് പുറമെ ചെറുതും വലുതുമായ ഡീഫൈബറിംഗ് മെഷീനുകൾ ഉപയോഗിക്കുന്ന കയർ സഹകരണ സംഘങ്ങൾക്കും നേരിട്ട് തൊ ണ്ട് സംഭരിക്കുന്നതിന് സഹായകമായ രീതിയിലും ഇൻസെന്റീവുകൾ വർദ്ധിപ്പിച്ചു കൊ ണ്ട് തൊണ്ട് |

| | |
|---|---|
| | [illegible] പദ്ധതി പരിഷ്കരിച്ചു.<br><br>സംസ്ഥാനത്ത് ലഭ്യമാകുന്ന ചകിരി നാരുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വിവിധതരം കയർ യാണുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സംവിധാനം കയർ കോർപ്പറേഷന്റെ കണിച്ചുകുളങ്ങര ഡിവിഷനിൽ സ്ഥാപിച്ചു.<br><br>ചകിരി മില്ലുകളിൽ ലഭ്യമാകുന്ന കയർ പിത്ത് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കുന്നതിന് വേണ്ടി കയർ പിത്ത് കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റും കയർ പിത്ത് ബ്ലോക്കും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>കയർ പായകൾ തടുക്കുകൾ എന്നിവ ജനങ്ങൾക്ക് ആകർഷകമായ തരത്തിൽ വർണ്ണങ്ങൾ നൽകുന്നതിന് റബ്ബർ ബാക്കിംഗ് നൽകി നിർമ്മിക്കുന്നതിമുള്ള ഡൈഹൗസ് & റബ്ബർ ബാക്കിംഗ് യൂണിറ്റ് എന്നിവയുടെ പ്രവർത്തനങ്ങൾ കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടന്നുകൊണ്ടിരിക്കുന്നു.<br><br>കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു പി.വി.സി. ടഫ്റ്റഡ് യൂണിറ്റ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.<br><br>ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ഒരു കയർ കോംപസിറ്റ് ബോർഡ് ഫാക്ടറി ഈവർഷം പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു.<br><br>കയർ മേഖലയിലെ എല്ലാത്തരം മെഷീനറികളും നിർമ്മിക്കാനുതകുന്ന കയർ മെഷീനറി ഫാക്ടറി ആലപ്പുഴയിൽ ഉടൻ പ്രവർത്തനം ആരംഭിക്കും. |
| (ബി)നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ കയർ ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം യാഥാർത്ഥ്യമാക്കി കയറ്റുമതി വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) ഫോംമാറ്റിംഗ് ഇന്ത്യ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ കണിച്ചുകുളങ്ങര കയർ പാർക്കിൽ നിർമ്മിക്കുന്ന കയർ കോംപസിറ്റ് ബോർഡ് ഫാക്ടറിയുടെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്.<br><br>പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പൂർണ്ണമായും ഓട്ടോമാറ്റിക് പവർലൂം (2 മീറ്റർ) സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കയറുൽപന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനു |

| | |
|---|---|
| | ലോകത്തിലെ വിദേശ എക്സിബിഷൻ ഉൾപ്പെടെ വിവിധ എക്സിബിഷനുകളിലും ട്രേഡ് ഫെയറുകളിലും പങ്കെടുത്തു കയറ്റുമതി മെച്ചപ്പെടുത്തുന്നു ണ്ട്.<br><br>വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഒരു ആധുനിക പി.വി.സി. ടഫ്റ്റഡ് ഫാക്ടറി സ്ഥാപിക്കുന്നതിന് കയർ കോർപ്പറേഷൻ മുഖാന്തരം നടപടി സ്വീകരിച്ചിട്ടു ണ്ട്.<br><br>കയറിൽ നിന്നുള്ള കരകൗശല വസ്തുക്കളും മറ്റ് സ്മരണികകളും നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| സി)നടപ്പു സാമ്പത്തിക വർഷം കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കുമോ? | സി) വിവിധ സഹകരണ സ്ഥാപനങ്ങളിൽ കൂടിയുള്ള വിപണനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കൂടുതൽ ഷോറൂമുകൾ ആരംഭിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടു ണ്ട്.<br><br>ഇന്ത്യൻ റെയിൽവേ, തുടങ്ങി ഇന്ത്യൻ സേനയുടേതുൾപ്പെടെയുള്ള കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലും ഉത്പന്നങ്ങൾ വിപണനം നടത്തുന്നു.<br><br>കയർ ജിയോ-ടെക്സ്റ്റൈൽസിന്റെ ഉപയോഗം ശക്തമാക്കാൻ നടപടി സ്വീകരിച്ചിട്ടു ണ്ട്.<br><br>കയർ കേരള നടത്തുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ